# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1425** **02.03.2017-ൽ മറുപടിയ്ക്ക്**

## വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളും ആനുകൂല്യങ്ങളും

| ചോദ്യം<br>ഡോ.എം. കെ. മുനീർ | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യബന്ധന വകുപ്പ് ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠന സഹായമെന്ന നിലയിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന വിവിധ സ്കോളർഷിപ്പുകളുടെയും ആനുകൂല്യങ്ങളുടെയും വിശദവിവരം ലഭ്യമാക്കുമോ; | എ) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയും വിദ്യാഭ്യാസ സ്ഥാപനത്തോടനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് പട്ടിക ജാതി വികസന വകുപ്പിൽ നിന്ന് നൽകി വരുന്ന അതേ നിരക്കിൽ ഹോസ്റ്റൽ ഫീസ് എന്നിവ നൽകി വരുന്നു. കൂടാതെ മാതാപിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്നതിനുള്ള സാമ്പത്തിക സഹായ പദ്ധതി, കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം, എന്നീ ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന 2000 മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് സൗജന്യ ബൈസിക്കിൾ വിതരണം ചെയ്യുന്ന പദ്ധതി, മത്സ്യത്തൊഴിലാളി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനായി 8-ാം ക്ലാസ്സിൽ 90 ശതമാനത്തിനുമേൽ ഹാജർ ഉള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹനമായി 1000 രൂപ നൽകുന്ന പദ്ധതി എന്നിവയുമാണ് 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ. |
| ബി) ഏതെല്ലാം ഏജൻസികളാണ് ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത്; | ബി) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഫിഷറീസ് വകുപ്പ് മുഖേനയും ബൈസിക്കിൾ വിതരണം കേരള സ്റ്റേറ്റ് |

കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുമാണ് അനുവദിക്കുന്നത്.

| | |
|---|---|
| സി) 2015-16, 2016-17 വർഷങ്ങളിൽ സി) സ്കോളർഷിപ്പിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 2015-16 വർഷം 20 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2015-16-ലെ കുടിശ്ശിക തുക ഉൾപ്പെടെ നൽകുന്നതിന് 2016-17 വർഷം 20 കോടി രൂപ അനുവദിക്കുകയും ടി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ